ചിന്താധാരകൾ

(മാർച്ച് 8 രാജ്യാന്തര വനിതാദിനമായി ആചരിക്കുന്ന ഈ അവസരത്തിൽ ഈ ലേഖനം എല്ലാ സ്ത്രീകളുടേയും ശ്രദ്ധക്കായി ഞാൻ അവതരിപ്പിക്കുന്നു.)

# അവിവാഹിത അമ്മമാരുടെ എണ്ണം കൂടി (അഥവാ അച്ഛനില്ലാത്ത കുട്ടികൾ പെരുകി)


സരോജ വർഗീസ്, ന്യൂയോർക്ക്

sarojavarghese@yahoo.com


അവിവാഹിത അമ്മമാർ കൂടി അഥവാ അച്ഛനില്ലാത്ത കുട്ടികൾ പെരുകി എന്ന ശീർഷകത്തിൽ ഒരു ലേഖനം വായിക്കാനിടയായി. അച്ഛനില്ലാതെ കുട്ടികൾ ജനിക്കാറുണ്ടോ? പാവപ്പെട്ടവർക്കിടയിലും ന്യൂനപക്ഷങ്ങൾക്കിടയിലും അവിവാഹിത അമ്മമാരുടെ എണ്ണം ഒരു കാലത്ത് കൂടുതലായിരുന്നു. എന്നാൽ ഇന്നു മധ്യവർഗങ്ങൾക്കിടയിലും സാധാരണമായിരിക്കുന്നു എന്ന് സർക്കാർ രേഖകളെ ഉദ്ധരിച്ച് വാഷിങ്ങ്ടണിലെ 'ചൈൽഡ് ട്രെൻഡ് ഗവേഷണ സ്ഥാപനം' പറയുന്നു എന്ന് ആ ലേഖനത്തിൽ വായിച്ചു.



പാവപ്പെട്ടവർക്കിടയിലും വേശ്യാവൃത്തി സ്വീകരിച്ചിരിക്കുന്നവരുടെ ഇടയിലും അച്ഛനില്ലാതെ കുട്ടികൾ ജനിക്കുന്നുണ്ടായിരിക്കാം. പരസ്പര സ്നേഹ വികാരങ്ങളൊന്നുമില്ലാതെ ബലാത്സംഗത്തിനിരയാകുന്ന പെൺകുട്ടികളും ഇപ്രകാരമുള്ള കുട്ടികൾക്ക് ജന്മം നൽകുന്നുണ്ട്. വിവാഹമെന്ന വിശുദ്ധകർമ്മത്തിൽ കൂടി ഒരു ഭാര്യയാകാൻ, ഒരമ്മയാകാൻ വിധിക്കപ്പെട്ടില്ലാത്ത സ്ത്രീകൾക്ക് ജനിക്കുന്ന കുട്ടികളെ അച്ഛനില്ലാത്ത കുട്ടികളെന്ന് വിശേഷിപ്പിക്കപ്പെടുന്നു. ആ കുട്ടികൾ വളർന്ന് വരുന്തോറും സമൂഹത്തിൽ അവർ അവഹേളന പാത്രങ്ങളായിത്തീരുന്നു. ചൂണ്ടികാണിക്കാൻ അവർക്ക് പിതാക്കന്മാരില്ല. സ്കൂളിലെ പ്രവേശനത്തിനോ, മറ്റേതെങ്കിലും കാര്യങ്ങൾക്കോ അപേക്ഷ ഫാറങ്ങൾ പൂരിപ്പിക്കപ്പെടുമ്പോൾ അഛന്റെ സ്ഥാനത്ത് എഴുതാൻ അവർക്ക് ഒരു പേരില്ല. സ്വതന്ത്രമായി ഒരാളെ അച്ഛാ എനു വിളിക്കാൻ ആ കുരുന്നു ഹൃദയങ്ങൾ എത്ര മാത്രം മോഹിക്കുന്നുണ്ടായിരിക്കും. അവരുടെ സമപ്രായക്കാർ പിതാവിന്റെ, വാത്സല്യപൂർവ്വമായ തലോടലും, സ്നേഹവും അനുഭവിക്കുമ്പോൾ ഈ പിഞ്ചു കുട്ടികൾ ആർത്തിയോടെ നോക്കി നിൽക്കുമെന്നതിനു സംശയമില്ല.

ആരാണു ഈ ക്രൂരതക്ക് ഉത്തരവാദികൾ? അവരുടെ പാവപ്പെട്ട അമ്മമാർ മാത്രമോ? പുരുഷവേഴ്ച്ചയില്ലാതെ ഒരു സ്ത്രീ ഗർഭവതി ആകുന്നില്ല. (ഇന്നത്തെ ആധുനിക ശാസ്ത്ര വിദ്യക്കാർ അതും സാധ്യമാക്കുന്നു എന്നത് മറക്കുന്നില്ല) നിർഭാഗ്യവശാൽ നിരാലംമ്പയായ സ്ത്രീക്ക് ധൈര്യപൂർവ്വം തന്റെ ഗർഭ്സ്ഥ ശിശുവിനെപ്പറ്റി തന്നോടൊപ്പം കിടക്ക പങ്കു വച്ച പുരുഷനോട് ലജ്ജവതിയായി ഹൃദയം തുറന്ന് ഒന്നു പറയാൻ പോലും അവസരമില്ല. അവളുടെ വിശക്കുന്ന വയറിനു ഭക്ഷണം വാങ്ങാൻ വേണ്ടി, നഗ്നത മറക്കാനുള്ള അൽപ്പം വസ്ത്രത്തിനു വേണ്ടി, രോഗികളായ തന്റെ വ്രുദ്ധ മാതാപിതാക്കൾക്ക് മരുന്നിനു വേണ്ടി അയാൾ എറിഞ്ഞ് കൊടുക്കുന്ന ഏതാനും നോട്ടുകൾ പെറുക്കി എടുത്തു കഴിഞ്ഞപ്പോൾ അവളുമായുണ്ടായ അയാളുടെ ബന്ധം അവസാനിച്ചിരിക്കുന്നു. അയാൾ സമൂഹത്തിൽ മാന്യനായി വിലസുന്നു. അച്ഛനാരെന്നറിയാതെ വളരുന്ന കുട്ടികൾ അവരുടെ കൂട്ടുകാരുടെ ഇടയിലും സ്കൂളിലും പരിഹാസപാത്രങ്ങളാകേണ്ടി വരുന്നത് അവരുടെ കുറ്റം കൊണ്ടാണോ?



വിശ്വാമിത്രൻ മേനകയേയും കുഞ്ഞിനേയും തള്ളി പറയുന്നു.

ഇക്കാര്യത്തിൽ പാശ്ചാത്യനാടുകളിലെ നിയമങ്ങൾ അനുസരിച്ച് പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം തുടങ്ങിയവ ഗവണ്മെന്റ് ഏറ്റെടുക്കുന്ന സമ്പ്രദായം അഭിനന്ദനീയമാണ്.

ഇന്നത്തെ പരിഷ്കൃത ജീവിതത്തിൽ വിവാഹമെന്ന ബന്ധനത്തിലേക്ക് പ്രവേശിക്കുവാൻ പലരും ഇഷ്ടപ്പെടുന്നില്ല. നിയമപരമായുള്ള വിവാഹത്തിന്റെ പരസ്പര ചുമതലകളെ ഒഴിവാക്കാൻ വേണ്ടി സ്ത്രീ പുരുഷന്മാർ കേവലം സുഹൃത്തുക്കളായി കഴിയുവാൻ താൽപ്പര്യപ്പെടുന്നു. പാശ്ചാത്യ സംസ്കാരത്തിലാണു ഈ രീതി കൂടുതൽ പ്രചാരത്തിലിരിക്കുന്നതെങ്കിലും 'ലിവിംഗ് ടുഗതെർ' എന്ന പരിഷ്കൃത സമ്പ്രദായം ഇന്നു കേരളത്തിലെ യുവതീയുവാക്കളേയും സ്വാധീനിച്ച് തുട ങ്ങിയിരിക്കുന്നുതായിട്ടാണറിയുന്നത്. പരസ്പരം നിബന്ധനകൾ ഒന്നുമില്ല. എന്നു വേണമെങ്കിലും വേർപിരിയാം. അവിടേയും ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ത്രീകൾ ഗർഭവതികളാകുന്നു, പ്രസവിക്കുന്നു. 'സിംഗിൾ പാരെന്റ്' എന്ന ലാബലിൽ അവർ സമൂഹത്തിൽ അന്തസ്സായി ജീവിക്കുന്നു. ഇതു പരിഷ്കൃത ലോകത്തിന്റെ രീതി. എന്നാൽ ഇവിടേയും ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ കുട്ടികളെ അഛനില്ലാത്തവൻ/അവൾ എന്നു വിശേഷിപ്പിക്കപ്പെടാറുണ്ട്.

എന്നാൽ ഇപ്പോഴും സാമൂഹിക നിയമങ്ങളെ ആചരിച്ചും ആദരിച്ചും പോരുന്ന

സമൂഹത്തിൽ അച്ഛനില്ലാത്ത കുട്ടികളും അവിവാഹിതരായ അമ്മമാരും ഒരു ചോദ്യചിഹനമായി നിൽക്കുന്നു. അഛനില്ലാത്ത കുട്ടികൾ എന്ന് അവരെ സംബോധന ചെയ്യുന്നവർ ചില കാര്യങ്ങൾ മറന്നുപോകുന്നു. അല്ലെങ്കിൽ മറന്നു പോകുന്നതായി ഭവിക്കുന്നു.

അവർ സ്ത്രീത്വത്തെയാണു പരിഹസിക്കുന്നത്. മാതൃത്വത്തെയാണ് അവഹേളിക്കുന്നത്. ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ പുരുഷബീജം സംയോജിക്കാതെ ഒരു നവ ജന്മം രൂപപ്പെടുന്നില്ല. പലപ്പോഴും മാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഒരു വാർത്തയാണു വേശ്യാവൃത്തിക്ക് .... എന്ന സ്ത്രീ അറസ്റ്റ് ചെയ്യപ്പെട്ടു. വേണമെങ്കിൽ വനിതാ പോലിസ്സിന്റെ അകമ്പടിയോടെ ജീപ്പിലേക്ക് ആനയിക്കപ്പെടുന്ന യുവതിയുടെ പേടിച്ചരണ്ട ഫോട്ടോയും. തീർച്ചയായും അവളോടൊത്ത് ഒരു പുരുഷൻ ഉണ്ടായിരിക്കണമല്ലോ. പുരുഷനെ കൂടാതെ ഒരു സ്ത്രീ എന്തു വേശ്യാവൃത്തിയാണു നടത്തിയത്. വേശ്യാവൃത്തിക്ക് പിടിക്കപ്പെട്ട് യേശുക്രുസ്തുവിന്റെ മുമ്പിലേക്ക് ആനയിക്കപ്പെട്ട സ്ത്രീയെപ്പറ്റി വിശുദ്ധ വേദ പുസ്തകത്തിൽ വായിക്കുന്നുണ്ട്. 'നിങ്ങളിൽ പാപം' ചെയ്യാത്തവർ കല്ലെറിയട്ടെ എന്നു കൽപ്പിച്ചു. ഒരു കല്ലും അവളുടെ ദേഹത്ത് പതിച്ചില്ല. സമൂഹത്തിലെ മാന്യന്മാരെന്ന് നടിച്ചിരുന്ന ഓരോരുത്തരും സ്ഥലം വിട്ടു.

'അച്ഛനില്ലാത്ത കുട്ടികൾ' എന്നു വിശേഷിപ്പിക്കപ്പെടുന്നവർ സമൂഹത്തിന്റെ ഒരു പ്രശ്നമാണ്. സമൂഹത്തിൽ മാന്യമായ ഒരു ജീവിതം അവർക്ക് നഷ്ടമാകുന്നു. അവർ അച്ഛനില്ലാതെ ജനിച്ചവരല്ല. ഒരു പുരുഷന്റെ പങ്കു അവരുടെ ജന്മത്തിലുണ്ട്. അദ്ദേഹം ആ കാര്യം നിഷേധിച്ചാലും, ഒളിച്ചിരുന്നാലും.

ഒരു സമൂഹം നില നിൽക്കുന്നത് അതിൽ ജീവിക്കുന്ന മനുഷ്യർ പാലിക്കുന്ന സാമാന്യ മര്യാദകളുടേയും നിയമത്തിന്റേയും ബലത്തിലാണ്. സാഹിത്യത്തിൽ എന്ന പോലെ സമൂഹത്തിലും ഇപ്പോൾ പഴമയെ വലിച്ചെറിഞ്ഞ് ആധുനികത എന്ന ലാബലിൽ ഓരോരുത്തർ ജീവിക്കുന്നുണ്ട്. അച്ചടക്കമില്ലാത്ത ജീവിതം ആരംഭ ദശയിൽ നൽകുന്ന ആനന്ദം  പിന്നെ തരുന്നില്ല. തന്നേയുമല്ല അതിന്റെ ഭവിഷ്യത്തുകൾ വലുതാണു. ഇപ്പോൾ സ്വവർഗ വിവാഹത്തിനു മനുഷ്യർ തയ്യാറായി വരികയും അതിനു നിയമ പ്രാബല്യം കിട്ടാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. എല്ലാവരും അവരവർ ഉണ്ടാക്കുന്ന ജീവിത രീതി നയിക്കുമ്പോൾ അതിനിരകളാകുന്നവരാണു സ്ത്രീകളും കുട്ടികളും. വിവാഹം കഴിക്കാതെ കുട്ടികളെ പ്രസവിച്ച് അവരുമായി ജീവിക്കുന്ന സ്ത്രീ സ്ത്രീത്വത്തിനോട് ചെയ്യുന്ന അപരാധമാണ്. അതിനു സ്ത്രീ തയ്യാറാകുമ്പോൾ അവൾ പുരുഷന്റെ ഉപകരണമാകുന്നു. പുരുഷന്മാർ പലപ്പോഴും ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് മാറാൻ ശ്രമിക്കുന്നവരാണ്. വഴിയമ്പലം പോലെ കുറച്ച് നാൾ കഴിയാൻ സ്ത്രീകളെ കിട്ടുമെന്ന അവസ്ഥ വന്നാൽ അവർ ആ മാർഗ്ഗം സ്വീകരിക്കും.

കന്യകാത്വവും, ചാരിത്ര്യവും കർശനമായി സ്ത്രീകൾ പാലിക്കണമെന്ന് മതങ്ങളും, തത്വ സംഹിതകളും, സമൂഹവും ആവശ്യപ്പെടുന്നത് 'അച്ഛനില്ലാത്ത കുട്ടികൾ" ജനിക്കാതിരിക്കാനാണ്. ഇന്നത്തെ പുതുലോകത്തിൽ സ്ത്രീകളും പുരുഷനൊപ്പം തുല്യതക്ക് വേണ്ടി വാദിക്കുകയും അനേകം സ്ത്രീ ശക്തി സംഘടനകൾ ഉണ്ടാക്കുകയും ചെയ്യുന്നുണ്ടെങ്കിലും പലരും വിവാഹമെന്ന കെട്ടുപാടിൽ ജീവിതം തളച്ചിടാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ അവർ മറക്കുന്ന ഒരു കാര്യമുണ്ട്. അവർ ജന്മം നൽകുന്ന കുട്ടികൾ സമൂഹത്തിൽ അവഹേളിക്കപ്പെടും.

കാലാന്തരത്തിൽ പല സമൂഹ നിയമങ്ങളും മാറി വരാറുണ്ട്. സ്ത്രീയും പുരുഷനും അവരുടെ ഇഷ്ടം പോലെ ജീവിക്കുന്നത് ഒരു ഫാഷനാകം. എന്നാൽ അച്ഛനില്ലാത്ത കുട്ടികൾ എന്ന് നിഷക്കളങ്കരായ കുട്ടികൾ അറിയപ്പെടാനുള്ള സാഹചര്യം അവർ ഒരുക്കരുത്. ഈ വാക്ക് 'അച്ഛൻ ഉപേക്ഷിച്ചു പോയ കുട്ടികൾ' എന്നാക്കേണ്ടതാണ്.

കാരണം അച്ഛനില്ലാതെ ആരും ജനിക്കുന്നില്ല. കുട്ടികളുടെ കാര്യത്തിൽ സ്ത്രീയും പുരുഷനും തുല്യ പങ്കാളികളാണ്. പുരാതനകാലം മുതൽ പുരുഷ മേധാവിത്വം നില നിന്നു പോന്നത് കൊണ്ട് സംഭവിച്ച ഒരു നിർഭാഗ്യമാണ് വിവാഹിതയല്ലാത്ത സ്ത്രീ പ്രസവിക്കുന്ന കുട്ടികളെ അച്ഛനില്ലാത്ത കുട്ടികൾ എന്നു വിളിക്കുന്നത്. ഇനിയെങ്കിലും ആ പദപ്രയോഗം ലോകത്തിൽ ഒരിടത്തും ഉപയോഗിക്കാതിരിക്കാൻ സ്ത്രീകൾ ഐക്യദാർഢ്യത്തോടെ മുൻ കൈ എടുത്ത് ശ്രമിക്കേണ്ടതാണു.

'അവിവാഹിത അമ്മമാർ കൂടി അഥവാ' അച്ഛനില്ലാത്ത കുട്ടികൾ പെരുകി എന്ന ലേഖനം വായിക്കാനിടയായപ്പോൾ ഒരു സ്ത്രീ എന്ന നിലയിൽ എനിക്കുണ്ടായ ചില എളിയ ചിന്തകൾ വായനക്കാരുമായി പങ്കു വക്കുക മാത്രമാണ് ഈ വരികളിൽ കൂടി ഞാനുദ്ദേശിച്ചത്. മാർച്ച് 8 രാജ്യാന്തര വനിതാദിനമായി ആചരിക്കുന്ന ഈ അവസരത്തിൽ ഈ ലേഖനം എല്ലാ സ്ത്രീകളുടേയും ശ്രദ്ധക്കായി ഞാൻ അവതരിപ്പിക്കുന്നു.

****************